ലോക്അദാലത്ത്

തിരുവനന്തപുരം: ജില്ലാ ലീഗൽ സർവീസസ് അതോറിട്ടിയുടെയും അഭയയുടെയും സംയുക്താഭിമുഖ്യത്തിൽ സ്ത്രീകൾക്കുവേണ്ടിയുള്ള സൗജന്യ നിയമസഹായ പരിപാടി ഏപ്രിൽ എട്ടിന് വഞ്ചിയൂർ അത്താണിയിൽ നടക്കും. അദാലത്തിൽ ഉൾപ്പെടുത്തേണ്ട പരാതികൾ മാർച്ച് 26ന് മുമ്പ് വഞ്ചിയൂർ അത്താണിയിൽ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2465627.

ശ്രീനാരായണ സാംസ്കാരിക സമിതിയിൽ സ്പോക്കൺ ഇംഗ്ലീഷ്കോഴ്സ്

തിരുവനന്തപുരം: ശ്രീനാരായണ സാംസ്കാരിക സമിതി ഉള്ളൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്ലസ്ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ചെമ്പഴന്തി ഗുരുകുലത്തിൽ വച്ച് സ്പോക്കൺ ഇംഗ്ലീഷ് കോഴ്സ് നടത്തുന്നു. എല്ലാ ശനിയാഴ്ചയും രാവിലെ 10 മുതൽ 12.30 വരെ ആണ് ക്ലാസ്. എസ്.എൻ കോളേജിൽ നിന്നും റിട്ടയർ ചെയ്ത പ്രൊഫസർമാരാണ് ക്ലാസ് നയിക്കുന്നത്. പേര് രജിസ്റ്റർ ചെയ്യുന്നതിന് ഫോൺ : 9995463895 /9446614029/9497692543) ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 കുട്ടികളെയാണ് കോഴ്സിനായി തിരഞ്ഞെടുക്കുക.

പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഏപ്രിൽ 7ന് വൈകിട്ട് 3ന് ചെമ്പഴന്തി ഗുരുകുലം മഠാധിപതി സ്വാമി ശുഭാംഗാനന്ദ നിർവഹിക്കും. ഡോ. ഷാജി പ്രഭാകരൻ അദ്ധ്യക്ഷത വഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും സെക്രട്ടറിയുമായ എ. അജിത് കുമാർ മുഖ്യപ്രഭാഷണം നടത്തുമെന്ന് പ്രസിഡന്റ് എൻ. രത്നാകരൻ, സെക്രട്ടറി ഗോപികാറാണി എന്നിവർ അറിയിച്ചു.

നഗരസഭാ ബഡ്ജറ്റ് 23ന്

തിരുവനന്തപുരം: തിരുവനന്തപുരം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 23ന് രാവിലെ 11ന് കൗൺസിൽ ഹാളിൽ അവതരിപ്പിക്കും. 26ന് രാവിലെ 10.30 മുതൽ ബഡ്ജറ്റിൻ മേലുള്ള പൊതു ചർച്ച നടക്കും. 27ന് രാവിലെ 10.30 മുതൽ ഹെഡ് തിരിച്ചുള്ള ചർച്ചയും ബഡ്ജറ്റ് പാസാക്കലും നടക്കും.

ഹീരാ കോളേജ് ഒഫ് എൻജിനിയറിംഗ് കരിയർ ഫെയർ

നെടുമങ്ങാട്: ഹീരാ കോളേജ് ഒഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജി നടത്തിയ കരിയർ ഫെയറിൽ 750-ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു. എൺപതോളം പേർക്ക് കമ്പനികളിൽ നിയമന ഉത്തരവ് ലഭിച്ചതായി ഹീരാ കോളേജ് പ്രിൻസിപ്പൽ അറിയിച്ചു. ഐ. എൽ ആൻഡ് എഫ്.എസ്, പി.ഐ.ടി സൊല്യൂഷൻസ്, ഹേജസ് ബിസിനസ്സ് സൊല്യൂഷൻസ്, ആൾട്ടർനേറ്റ്, കോൺഷ്യൻസ് സൊല്യൂഷൻസ്, സോഫ്റ്റ്നോഷൻസ് സൊല്യൂഷൻസ്, മുത്തൂറ്റ് ഫിൻകോർപ് എന്നീ സ്ഥാപനങ്ങളാണ് മേളയിൽ പങ്കെടുത്തത്. ഹീരാ കോളേജും മാനേജ്മെന്റ് കൺസൾട്ടൻസി സ്ഥാപനമായ കോക്സ് സൊല്യൂഷൻസും സംയുക്തമായാണ് മേള സംഘടിപ്പിച്ചത്.

വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ യുവജന സമ്പർക്ക പരിപാടി ഇന്ന് മുതൽ

തിരുവനന്തപുരം: വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ 250 യുവതീയുവാക്കൾ പങ്കെടുക്കുന്ന യുവജന സമ്പർക്ക പരിപാടി ഇന്ന് മുതൽ 26 വരെ കനകക്കുന്നിൽ നടക്കും.

ഇന്ന് രാവിലെ 10ന് ഗവർണർ പി. സദാശിവം ഉദ്ഘാടനം ചെയ്യും. എം.എൽ.എമാരായ കെ. മുരളീധരൻ, ഒ. രാജഗോപാൽ, ഐ.ബി. സതീഷ് എന്നിവർ സംസാരിക്കും. കേന്ദ്ര ആഭ്യന്തര, യുവജന, കായിക മന്ത്രാലയങ്ങളുടെ സഹകരണത്തോടെ നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടിയിൽ അസാം, മണിപ്പൂർ, മേഘാലയ, മിസോറം, സിക്കിം, നാഗാലാൻഡ്, ത്രിപുര, അരുണാചൽപ്രദേശ് എന്നിവിടങ്ങളിലെ യുവജനങ്ങളാണ് പങ്കെടുക്കുന്നതെന്ന് നെഹ്റു യുവകേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ കെ. കുഞ്ഞഹമ്മദ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. തുടർന്ന് യുവജനസംഘം വിശിഷ്ടാതിഥികൾക്കൊപ്പം യുവജനങ്ങൾ സൗഹാർദ്ദത്തിന് എന്ന സന്ദേശമുണർത്തി ബലൂൺ പറത്തും. മികച്ച സന്നദ്ധ സംഘടനകൾക്കുള്ള പുരസ്കാരവും ഗവർണർ വിതരണം ചെയ്യും.

11.30ന് യുവജന സമ്പർക്ക പരിപാടിയിൽ നെടുമങ്ങാട് ഗവ. കോളേജിലെ 100 എൻ.എസ്.എസ് പ്രവർത്തകരും സംസ്ഥാന കായികവകുപ്പ് ഡയറക്ടർ സഞ്ജയ്കുമാർ, എൻ.എസ്.എസ് റീജിയണൽ ഡയറക്ടർ സജിത്ത് ബാബു, യുവജന കമ്മിഷൻ ചെയർമാൻ ചിന്ത ജെറോം, യൂത്ത് വെൽഫെയർ ബോർഡ് സെക്രട്ടറി കണ്ണൻ എന്നിവരും പങ്കെടുക്കും.

വൈകിട്ട് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ യുവാക്കൾ കലാരൂപങ്ങൾ അവതരിപ്പിക്കും. 23നും 24നും സെമിനാറുകളും ചർച്ചാ ക്ലാസുകളും നടത്തും.

25ന് സംഘം വേളി, കഴക്കൂട്ടം, അണ്ടൂർക്കോണം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കും. 26ന് യുവജനങ്ങൾക്കായി നെല്ലിമൂട്ടിൽ വിവിധ കേരളീയ കലാരൂപങ്ങൾ ഒരുക്കും. വാർത്താസമ്മേളനത്തിൽ ജില്ല യൂത്ത് കോ-ഓർഡിനേറ്റർ അലിസാബ്രിൻ, പ്രോജക്ട് ഓഫീസർ രാജീവ് രാമചന്ദ്രൻ എന്നിവരും പങ്കെടുത്തു.

കിഴക്കേകോട്ട പുത്തരിക്കണ്ടം മൈതാനത്ത് അനന്തപുരി ഹിന്ദുമഹാസമ്മേളനത്തിന് ആരംഭം കുറിച്ച് ആചാര്യൻ എം. ആർ. രാജേഷും ഒ. രാജഗോപാൽ എം.എൽ.എയും ചേർന്ന് ദീപം തെളിച്ചപ്പോൾ. ഹിന്ദു ധർമ്മ പരിഷത് പ്രസിഡന്റ് എം. ഗോപാൽ, നിംസ് മെഡിസിറ്റി എം.ഡി എം.എസ്. ഫൈസൽഖാൻ തുടങ്ങിയവർ സമീപം

ശ്രീപദ്മനാഭ സ്വാമി ക്ഷേത്ര പരിസരത്ത് 71 കാമറ കൂടി

തിരുവനന്തപുരം: സ്വദേശി ദർശൻ പദ്ധതിയുടെ ഭാഗമായി രണ്ട് കോടി രൂപ ചെലവിൽ ശ്രീ പദ്മനാഭ സ്വാമി ക്ഷേത്ര പരിസരത്ത് 71 കാമറകൾ കൂടി സ്ഥാപിക്കാൻ തീരുമാനമായി. ഇന്നലെ ക്ഷേത്ര അധികൃതരും പൊലീസും നടത്തിയ ചർച്ചയിലാണ് ധാരണയായത്. നേരത്തേ തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. പ്രവൃത്തികൾ നിർമ്മിതി കേന്ദ്രയെ ഏല്പിച്ചിരുന്നെങ്കിലും പിന്നീട് ഒഴിവാക്കുകയായിരുന്നു. പുതിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി ഉണ്ടാക്കും.

■27 സ്ഥലങ്ങളിൽ കാമറ

ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡിലും പരിസരത്തുമായാണ് കാമറ സ്ഥാപിക്കുക. നാല് എണ്ണം പദ്മതീർത്ഥത്തിന് ചുറ്റും സ്ഥാപിക്കും. മിത്രാനന്ദപുരം കുളത്തിനടുത്ത് രണ്ടെണ്ണം സ്ഥാപിക്കും. പടിഞ്ഞാറെ നടയിൽ റോഡിലും തെക്കേ നടയിൽ കെ. എസ്. ആർ. ടി. സി പരിസരം, കിഴക്കേനട കവാടം, രാമചന്ദ്രൻ ടെക്സ്റ്റൈൽസ് പരിസരം, വടക്കേ നടയിലെ റോഡിന്റെ പരിസരം, ചെറിയ ഇടറോഡുകൾ എന്നിവിടങ്ങളിലെല്ലാം കാമറ സ്ഥാപിക്കും. ക്ഷേത്ര പരിസരത്തുള്ള പൊലീസ് കൺട്രോൾ റൂമിൽ നിന്നായിരിക്കും ഇതിന്റെ നിയന്ത്രണം. ഫോർട്ട് പൊലീസിനും നിയന്ത്രണമുണ്ടാകും.

കേരള മുനിസിപ്പൽ ആൻഡ് കോർപറേഷൻ പെൻഷണേഴ്സ് ഫെഡറേഷൻ സെക്രട്ടേറിയറ്റ് നടയിൽ നടത്തിയ കൂട്ടധർണ കെ. മുരളീധരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

ജില്ലയിൽ ബാങ്കുകൾ വായ്പ നൽകിയത് 6,933 കോടി രൂപ

തിരുവനന്തപുരം: ജില്ലയിലെ ബാങ്കുകൾ ഈ സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ നൽകിയത് 6,933 കോടി രൂപയുടെ വായ്പ. ഇതിൽ കൃഷി വായ്പ 3,917 കോടിയും സേവന മേഖല വായ്പ 1,936 കോടി രൂപയും വ്യവസായ വായ്പ 1.08 കോടിയുമാണ്. ലക്ഷ്യമിട്ടതിന്റെ 73 % ആണ് വായ്പ നൽകിയതെന്ന് ജില്ലാതല ബാങ്കിംഗ് അവലോകന സമിതിയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് സൂചിപ്പിക്കുന്നു.

കഴിഞ്ഞ വർഷം ഡിസംബർ 31 വരെ ജില്ലയിലെ ബാങ്കുകളിലെ ആകെ നിക്ഷേപം 69,284 കോടി രൂപയും വായ്പ 42,290 കോടി രൂപയുമാണ്. യോഗം ഡെപ്യൂട്ടി കളക്ടർ അനു എസ്. നായർ ഉദ്ഘാടനം ചെയ്തു.

നഗരസഭാ പെൻഷൻകാരുടെ ധർണ

തിരുവനന്തപുരം: മുനിസിപ്പൽ ആൻഡ് കോർപറേഷൻ പെൻഷണേഴ്സ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടേറിയറ്റ് ധർണ കെ. മുരളീധരൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. വി.എൻ. പുരുഷോത്തമൻ അദ്ധ്യക്ഷനായ ചടങ്ങിൽ കെ. വിജയരാഘവൻ, പി.എം. അസീസ്, ഡി.എം. ദേവരാജൻ എന്നിവർ സംസാരിച്ചു. യൂണിറ്റ് പ്രസിഡന്റ് അഡ്വ. എം. മുരളീധരൻ നായർ നന്ദി പറഞ്ഞു.

വീട്ടുകരം

തിരുവനന്തപുരം: നഗര സഭയിലെ കാലടി, നെടുങ്കാട് വാർഡുകളിലെ വീട്ടുകരം ഞായറാഴ്ച രാവിലെ തളിയൽ സ്വരാജ് സേവാസംഘം ഗ്രന്ഥശാലയിൽ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ സ്വീകരിക്കും.

എൽ.ഡി ക്ലാർക്ക് റാങ്ക് ഹോൾഡേഴ്സ് അനിശ്ചിതകാലമായി സെക്രട്ടേറിയറ്റിനു മുൻപിൽ നടത്തിവന്ന സമരത്തിൽ സർക്കാർ ഇടപെടാത്തതിനെ തുടർന്ന് ശയന പ്രദക്ഷിണം നടത്തി പ്രതിഷേധിക്കുന്ന ഉദ്യോഗാർത്ഥികൾ

സർക്കാരിന്റെ കണ്ണ് തുറപ്പിക്കാൻ ശയനപ്രദക്ഷിണം

തിരുവനന്തപുരം: എൽ.ഡി ക്ലാർക്ക് ഉദ്യോഗാർത്ഥികൾ സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിവരുന്ന സമരത്തിൽ സർക്കാർ ഇടപെടാത്തതിൽ പ്രതിഷേധിച്ച് ഇന്നലെ എം.ജി റോഡിൽ ശയനപ്രദക്ഷിണം നടത്തി. ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട 10 യുവതികളെ ജനറൽ ആശുപത്രിയിലേക്ക് മാറ്റി.

2015 മാർച്ച് 31ന് നിലവിൽ വന്ന ലിസ്റ്റിന്റെ കാലാവധി ഈ മാസം 31ന് അവസാനിക്കാനിരിക്കെയാണ് ഉദ്യോഗാർത്ഥികൾ സമരം നടത്തിവരുന്നത്. ആവശ്യങ്ങൾ അംഗീകരിക്കും വരെ സമരവുമായി മുന്നോട്ട് പോകുമെന്ന് ആൾ കേരള എൽ.ഡി ക്ലാർക്ക് റാങ്ക്ഹോൾഡേഴ്സ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

കൗൺസിൽ ഒഫ് ദളിത് ക്രിസ്ത്യൻസ് കേരളയുടെ നേതൃത്വത്തിൽ ത്രിദിന രാപ്പകൽ സമരം സെക്രട്ടേറിയറ്റിനു മുന്നിൽ രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു

ബോണക്കാട് വനമേഖലയിലെ കടന്നുകയറ്റം: നടപടിയെടുക്കണമെന്ന് ഹൈക്കോടതി

കൊച്ചി: ബോണക്കാട് വനമേഖലയിൽ അനധികൃത കടന്നുകയറ്റം തടയാൻ നടപടിയെടുക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു. കുരിശുമല തീർത്ഥാടനത്തിന്റെ മറവിൽ വനമേഖലയിൽ കടന്നുകയറാനും കൈയേറാനും നീക്കമുണ്ടെന്ന് ആരോപിച്ച് കല്ലാർ സ്വദേശി സുകുമാരൻ കാണി, തൊട്ടുപുഴ സ്വദേശി എം. എൻ. ജയചന്ദ്രൻ എന്നിവർ നൽകിയ ഹർജിയിലാണ് സിംഗിൾ ബെഞ്ചിന്റെ ഇടക്കാല ഉത്തരവ്. കടന്നുകയറ്റം തടയണമെന്ന ഹർജിയിൽ തത്സ്ഥിതി തുടരാൻ കഴിഞ്ഞ ആഗസ്റ്റ് 31ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. എന്നാൽ തൊട്ടടുത്ത ദിവസം മരക്കുരിശ് സ്ഥാപിക്കാൻ ശ്രമിച്ചെന്ന് ഹർജിയിൽ പറയുന്നു.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: കുടപ്പനക്കുന്ന് വൈദ്യുതി സെക്ഷനിലെ മഞ്ഞാംകോട്, ലതാനഗർ, ശിവജിനഗർ എന്നിവിടങ്ങളിലും പേട്ട സെക്ഷനിലെ ചാന്നാൻപാറ, ഒരുവാതിൽകോട്ട, കിഴക്കതിൽ ജംഗ്ഷൻ എന്നിവിടങ്ങളിലും ഇന്ന് രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

ജില്ലയിൽ 48,077 മഴക്കുഴികൾ

തിരുവനന്തപുരം: ജലസംരക്ഷണ പദ്ധതിയായ ജലശ്രീയുടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെയും ഭാഗമായി ജില്ലയിൽ 48,077 മഴക്കുഴികൾ പൂർത്തീകരിച്ചതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു പറഞ്ഞു.

ഒരു മീറ്റർ നീളത്തിലും വീതിയിലും 80 സെന്റിമീറ്റർ താഴ്ചയിലുമാണ് മഴവെള്ളം ഭൂമിയിലേക്കിറങ്ങുന്നതിനായി മഴക്കുഴികൾ തീർത്തിട്ടുള്ളത്.

സ്വകാര്യ-പൊതുസ്ഥലങ്ങളിലെ കൃഷിയിടങ്ങളിലായി 1,859 കുളങ്ങൾ നിർമ്മിച്ചു. 15 മീറ്റർ നീളത്തിലും 10 മീറ്റർ വീതിയിലും മൂന്ന മീറ്റർ താഴ്ചയിലുമാണ് കുളങ്ങൾ നിർമ്മിച്ചത്. 3398 കിലോമീറ്റർ നീളത്തിൽ തോടുകളും ചെറുതോടുകളും കനാലുകളും നവീകരിച്ചതായി ജില്ലാ കളക്ടർ ഡോ. കെ. വാസുകി പറഞ്ഞു. 3891 തോടുകളും ചെറുതോടുകളും കനാലുകളുമാണ് നവീകരിച്ചത്. 41 തോടുകളിലും ചെറുതോടുകളിലുമായി 11,946ചെRahul Vാമുകൾനിർമ്മിച്ചു. 100 സ്വകാര്യ കുളങ്ങളും 332 പൊതുകുളങ്ങളും നവീകരിച്ചു. 2048 കിണറുകൾ പുതുതായി നിർമിച്ചു. 1139 കിണറുകളിൽ റീച്ചാർജിംഗ് സംവിധാനമൊരുക്കി. പരമാവധി മഴവെള്ളം സംരക്ഷിച്ച് ഭൂമിയിലേക്ക് റീച്ചാർജ് ചെയ്തിറക്കുകയാണ് ലക്ഷ്യമെന്ന് കളക്ടർ പറഞ്ഞു. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണ വേണമെന്നും വീടുകളിൽ ജലസംരക്ഷണത്തിനുള്ള മാർഗങ്ങൾ സ്വീകരിക്കണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ 52,469 വൃക്ഷത്തൈകൾ റോഡരികുകളിൽ നട്ടുപിടിപ്പിച്ചു.

പരിസ്ഥിതിദിനത്തിൽ നടുന്നതിനായി 554 നഴ്സറികൾ വഴി 20 ലക്ഷം പ്ലാവ്, മാവ്, പേര, റമ്പൂട്ടാൻ, പുളി അടക്കമുള്ള ഫലവൃക്ഷത്തൈകൾ ഉത്പാദിപ്പിച്ചതായി തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ. ചന്ദ്രശേഖരൻനായർ പറഞ്ഞു.

ഇന്ന്

കണ്ണേറ്റുമുക്ക്: ഭിന്നശേഷിക്കാരുടെ സഹകരണസംഘം ആസ്ഥാനം, സഹകരണസംഘം ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, മന്ത്രി കെ.കെ. ശൈലജ- 2ന്

കേരള കായിക കൗൺസിൽ ഹാൾ: ബധിര കായിക കൗൺസിൽ പുരസ്കാര വിതരണം. മന്ത്രി എ.കെ. ശശീന്ദ്രൻ-4.30ന്

ജഗതി മുടിപ്പുര ഓഡിറ്റോറിയം: രാജേശ്വരി ഫൗണ്ടേഷൻ വാർഷികം. ഒ. രാജഗോപാൽ എം.എൽ.എ- 11.30ന്

റോസ്കോട്ട് ഭവനം: സി.വി. രാമൻപിള്ളയുടെ 96-ാം ചരമവാർഷികം. ഡോ. ജോർജ്ജ് ഓണക്കൂർ- 5.30ന്

വൈ.എം.സി.എ: കേരളമനസിലെ ഹിംസാത്മകത ചർച്ച. മുൻ ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ്-5.30ന്

ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ്: ലോകജലദിനാഘോഷം -5.45ന്

അലൈൻസ് ഫ്രാൻകെയ്സ് ഹാൾ: രാമൻകുട്ടിയുടെ ചിത്രപ്രദർശനം. 'ഇമാജിൻഡ് ഫോംസ്' ഉദ്ഘാടനം : സംവിധായകൻ ശിവൻ- 6.30ന്

പദ്മനാഭ സ്വാമി ക്ഷേത്രം കിഴക്കേനട: സ്വാമി ദുർഗ്ഗാനന്ദ സരസ്വതിയുടെ രമണവിദ്യാ സത്സംഗം-6.15ന്

പദ്മനാഭ സ്വാമി ക്ഷേത്രം: പൈങ്കുനി മഹോത്സവം. തത്വഹോമം, തത്ത്വ കലശം. ബ്രഹ്മകലശപൂജ - 6ന്

പേട്ട ശിവക്ഷേത്രം: മീന തിരുവാതിര മഹോത്സവം. അന്നദാനം-11.30ന്

കഴക്കൂട്ടം പെരുമൺ ശ്രീ മഹാവിഷ്ണു ക്ഷേത്രം: മീനരോഹിണി മഹോത്സവം. വിൽപാട്ട്-7.30ന്

നന്തൻകോട് ശ്രീ ഭദ്രകാളി ക്ഷേത്രം: മീനഭരണി മഹോത്സവം. മെഗാഷോ- 9.30ന്

ചെറുപാലോട് ശ്രീ ദുർഗ്ഗാ ദേവീ ക്ഷേത്രം: മീനഭരണി മഹോത്സവം. പൊങ്കാല- 9.30ന്

ശംഖുംമുഖം ദേവീക്ഷേത്രം: കൊടിയേറ്റ്മഹോത്സവം. കവിയരങ്ങ്- 7ന്

മൈലാപ്പള്ളി ദേവീക്ഷേത്രം: മകയിര മഹോത്സവം. ഹാസ്യപരിപാടി നമ്പർ വൺ കോമഡി സ്റ്റാർസ്- 8.30ന്

കരിയം ദേവീക്ഷേത്രം: മീനഭരണിമഹോത്സവം. കുത്തിയോട്ടം, താലപ്പൊലി ഘോഷയാത്ര- 6ന്

പടിക്കവിളാകം ശ്രീ ഭഗവതി ക്ഷേത്രം: മീനരോഹിണി മഹോത്സവം. തോറ്റംപാട്ട്- 6.30ന്

കല്ലറമഠം ശ്രീ ഭഗവതി ക്ഷേത്രം: തിരു ഉത്സവം. കരോക്കെ ഗാനമേള-7ന്

ശ്രീ വരാഹം മുക്കോലക്കൽ ഭഗവതി ക്ഷേത്രം: ഊരൂട്ടുമഹോത്സവം. ഗുരുസി തർപ്പണം.

കുളത്തൂർ കോലത്തുകര ശിവക്ഷേത്രം: തിരുവാതിര മഹോത്സവം. സമ്മേളനം രാത്രി 7ന്, നാടകം -10ന്

അരശുംമൂട് ശ്രീ ഭദ്രകാളി ക്ഷേത്രം: മീനഭരണി മഹോത്സവം. കാപ്പുകെട്ടി കുടിയിരുത്ത്- 6.30ന്

കാട്ടുനട ശ്രീ ഭദ്രകാളിദേവീക്ഷേത്രം: ഉത്സവ മഹോത്സവം. തൃക്കൊടിയേറ്റ്- 11.30ന്

കുണ്ടമൺഭാഗം ദേവീക്ഷേത്രം: മീനഭരണി മഹോത്സവം. കരോക്കെ ഭക്തിഗാനമേള-7.30ന്

വലിയകാക്കോട് ശ്രീ ഭദ്രകാളി ക്ഷേത്രം: മീനഭരണി മഹോത്സവം. താലപ്പൊലി -7.15ന്

കരുമ്പുക്കോണം മുടിപ്പുര ദേവീ ക്ഷേത്രം: മീനഭരണി മഹോത്സവം. നൃത്തനൃത്യങ്ങൾ- 8.45ന്

കുറ്റിപ്പാല ശ്രീ ഭഗവതി ക്ഷേത്രം: വാർഷിക മഹോത്സവം. ഐശ്വര്യപൂജ-5ന്

അഞ്ചാമുക്കുവയൽ ശ്രീ ഭദ്രകാളി ക്ഷേത്രം: മീനഭരണി മഹോത്സവം. ആനപുറത്തെഴുന്നള്ളിപ്പ്. - 3ന്

മുട്ടട മുടിപ്പുര : മീനഭരണി മഹോത്സവം. പൊങ്കാല -9.30ന്

നീറകത്തല ശ്രീ ഭദ്രകാളി ക്ഷേത്രം: മീനഭരണി മഹോത്സവം. മഹാഘോഷയാത്ര- 3.30ന്

സിനിമ

ന്യൂ (2323244) :: ■ screen 1 - **ആദി** (M - 11.00, 2.30, 6.00, 9.30)
■ screen 2 – **ഹേയ് ജൂഡ്** (M - 11.15, 2.30, 6.15, 9.30)
■ screen 3 - **RAID** (H - 11.15, 2.30, 6.15, 9.30)
ശ്രീകുമാർ (2331222) :: **കലകലപ്പ്-II** (T- 11.15, 2.30) **സൊല്ലിവിടവാ** (T- 6.15, 9.30)
ശ്രീവിശാഖ് (2331222) :: **ആട് -2** (M - 11.15, 2.30) **ആട് ഒരു ഭീകര ജീവിയാണ്** (M - 6.15, 9.30)
ശ്രീപത്മനാഭ (2473999) :: Noshow
ദേവിപ്രിയ (2473999) :: **ഇര** (M - 11.00, 2.30, 6.00, 9.30)
അജന്ത (2472825) :: **മധുരൈ വീരൻ** (M - 11.15, 2.15, 6.15, 9.15)
കൃപ (7356333911) :: **BLACK PANTHER** (E - 1.15) **RAID** (H- 4.00, 7.00, 10.00 pm)
കലാഭവൻ :: **പൂമരം** (11.00, 2.30, 6.15, 9.30).
സെൻട്രൽ (2462865) :: **BARBARIAN** (E - 11.30, 2.30, 6.30, 9.30)
കൈരളി (2332747) :: **പൂമരം** (M - 11.15, 2.30, 6.15, 9.30)
ശ്രീ (2332747) :: **SHIRK** (M - 11.15 , 2.30) **ക്യാപ്ടൻ** (M - 6.15, 9.30)
നിള (2332747) :: **ഇര** (M - 11.15, 2.30, 6.15, 9.30)
ധന്യ (2476773) :: **ആട് ഒരു ഭീകരജീവിയാണ്** (M - 11.15, 2.30, 6.15, 9.30)
രമ്യ (2476773) :: **RAID** (H - 11.15, 2.30, 6.15, 9.30)
ARIESPLEX SL CINEMA: (0471 4066660) ::
■ Audi 1 - **പൂമരം** (M- 10.00)
■ Audi 2 - **TOMB RAIDER** (E - 11.00, 7.30 pm) **SONU I TITU KE SWEETY** (H - 1.45 pm) **RAID** (H - 4.45 pm) **പത്മാവത്** (H - 10.15 pm)
■ Audi 3 - **ആമി** (11.30) **PARI** (H - 3.00 pm) **SHIRK** (M - 6.30) **ആട് ഒരു ഭീകര ജീവിയാണ്** (M - 9.30)
■ Audi 4 - **RAID** (H - 11.30, 6.45) **BHAGAMATHIE** (T - 6.45, 10.00 pm)
■ Audi 5 - **പൂമരം** (M - 11.00, 3.00, 6.45) **ഇര** (M - 10.15 pm)
■ Audi 6 - **ഇര** (M - 11.30, 2.45, 6.45) **ക്യാപ്ടൻ** (M - 9.30)
കഴക്കൂട്ടം കൃഷ്ണ (2418144) :: **പൂമരം** (M - 11.15, 2.30, 6.15, 9.30)
കലാഭവൻ (2322314) :: **കാർബൺ** (11.30, 2.30) **ശിക്കാരിശംഭു** (6.15, 9.30)
വെട്ടുറോഡ് ഹരിശ്രീ (0471 2755666) :: **ഇര** (M - 11.15, 2.30, 6.15, 9.30)
കഠിനംകുളം ജിട്രാക്സ് (2757771) :: ■ screen 1 : **ക്യാപ്റ്റൻ** (M - 11.15, 2.30, 6.15, 9.30)
■ screen 2 **കല്ലായി FM** (M - 11.30, 2.30) **ആദി** (M - 6.30, 9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: **ആട് -2** (M - 11.15, 2.30, 6.15,9.30)
ആറ്റിങ്ങൽ ഗംഗ (2629973) :: **പൂമരം** (M - 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ യമുന (2629973):: **ആദി** (M - 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ കാവേരി (9287218284) :: **ഷോ ഇല്ല**
ആറ്റിങ്ങൽ വൈശാഖ് (2622244) :: **ഇര** (M - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ തപസ്യ (3291113) :: **SHIRK** (M - 11.00, 2.45, 6.30, 9.45)
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920):: **സൊല്ലിവിടവാ** (T- 11.15, 3.00, 6.30, 9.45)
വർക്കല എസ്.ആർ (0470 2602339) :: **പൂമരം** (M - 11.00, 2.30, 6.15, 9.30)
വർക്കല വിമല (9895233785) :: **ഇര** (M - 11.00, 3.00, 6.30,. 9.30)
വർക്കല സ്റ്റാർ സിനിമ (2602344) :: **ആട് -2** (M - 11.15, 2.30, 6.15, 9.30)
ചിറയിൻകീഴ് സ്വാമിജി (9526752302) :: **ആദി** (M - 3.00, 6.30, 9.30)
നെടുമങ്ങാട് സൂര്യ (2802223) :: **ഇര** (M - 11.00, 2.30, 6.15. 9.30)
നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259):: **ആദി** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: **പൂമരം** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് റാണി :: No show
പാറശ്ശാല പടന്താലുംമൂട് ഐ.എം.പി :: **SKETCH** (T - 11.00, 2.30, 6.30, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: **ആമി** (M - 2.30, 6.30, 9.30)
കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174)::
■ Audi 1 - **ചാർമിനാർ** (M - 11.00, 2.30, 6.15, 9.30)
■ Audi 2 - **മട്ടാഞ്ചേരി** (M - 11.00, 2.30, 6.15 , 9.30)
■ Audi 3- **ശിക്കാരിശംഭു** (T- 11.00, 2.30, 6.15, 9.30)
■ Audi 4 - **കലകലപ്പ്-II** (T- 11.00, 2.30, 6.15, 9.30)
■ Audi 5- **ആദി** (M - 11.00, 2.30, 6.15, 9.30)
കളിയിക്കാവിള തമീൻസ് മാക്സ് :: **പുലി മുരുകൻ** (M - 2.30, 6.15) **അച്ചം എമ്പത് മടമൈയെട** (T - 11.00, 9.15)
നെയ്യാറ്റിൻകര ശുഭ :: **കാർബൺ** (M- 2.30, 6.30, 9.30)
പോത്തൻകോട് MT CINEPLEX (2419515) :: ■ Tela 1 - **പൂമരം** (M - 11.15, 2.30, 6.15, 9.30)
■ Tela 2 - **ആട് ഒരു ഭീകരജീവി** (M - 11.15, 2.30, 6.15, 9.30)
പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: **ഇര** (M - 11.15, 2.30, 6.15, 9.30)
വെഞ്ഞാറമൂട് സിന്ധു (9746159088) :: **ക്യാപ്ടൻ** (M - 11.30, 2.30, 6.30, 9.30)
കാട്ടാക്കട ജയവിനായക (2290867)::
■ screen 1 - **ആട് -2** (M - 11.00, 2.15, 6.15,9.15)
■ screen 2 - **വേലൈക്കാരൻ** (T- 11.15, 2.30, 6.30,9.30)
നെയ്യാറ്റിൻകര ശുഭ :: **താനാ സേർന്ത കൂട്ടം** (T - 2.30, 6.30, 9.30)
കള്ളിക്കാട് ദീപ (9447553618) :: **അച്ചായൻസ്** (M - 6.30, 9.30)
കാട്ടാക്കട ശ്രീമുരുക (9995952120) :: No show
കിളിമാനൂർ എസ്.എൻ :: **NO SHOWS** (T - 10.30, 2.30, 6.15, 9.00)
പനച്ചമൂട് യമുനലക്ഷ്മി :: **കെട്ടു** (T -10.30, 2.30, 6.15, 9.00)
പേയാട് എസ്.പി സിനിമ (0471-2289053) :: **പൂമരം** (M - 11.00, 2.30, 6.15, 9.15)
കല്ലറ ARS (9526906021) :: **വിമാനം** (M - 2.30, 6.30)
പടന്തലുമൂട് IMP :: **MASTER PIECE** (M - 11.00, 2.30, 6.00, 9.30)

KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

വൈഷ്ണോവിദേവി ശ്രീനഗർയാത്ര
ജമ്മു, ശ്രീനഗർ, ചണ്ഡിഗഢ്, കുരുക്ഷേത്ര, അമൃതസർ, ഡൽഹി. ആഗസ്റ്റ് 3-ന് 16 ദിവസ യാത്ര 16,000/- രൂപ.
ശ്രീ അയ്യപ്പ ട്രാവൽസ്,
ആര്യശാല, തിരുവനന്തപുരം.
0471 - 2466603,
7034498463.

ബാങ്ക് സ്വർണ്ണം
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96, 98 47 30 11 58
രാധികാ ജ്വല്ലറി

ലേഡീസ് ഹോസ്റ്റൽ
തിരുവനന്തപുരം സിറ്റിയിൽ നാടൻ ഭക്ഷണത്തോടു കൂടി ലേഡീസ് ഹോസ്റ്റൽ സീറ്റിനായി വിളിക്കുക.
9383464867, 9526354093.

പണയ സ്വർണ്ണം
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

വാടകയ്ക്ക്
ഗോഡൗൺ വാടകയ്ക്ക്. വിഴിഞ്ഞത്തിനും ബാലരാമപുരത്തിനും ഇടയിൽ. ലോറിസൗകര്യം. 3300 Sq.ft. Rs. 40000/ month.
9846581075

ചികിത്സ
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

WANTED
Teacher Wanted for a School in Neyyattinkara. B.Ed in English essential. Send resume to paadassala@gmail.com

ആവശ്യമുണ്ട്
രണ്ടംഗ കുടുംബത്തിലേക്ക് പാചകം അറിയാവുന്ന സൗമ്യതയും വിശ്വസ്തതയും ഉള്ള ജോലിക്കാരിയെ ആവശ്യമുണ്ട്. ആകർഷകമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും. താത്പര്യമുള്ളവർ ഈ നമ്പരിൽ ബന്ധപ്പെടുക.
9072099568

ഉപകാരസ്മരണ
വിശുദ്ധ യൂദാശ്ലീഹയുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് നന്ദി.
സ്മിത.

കേരള കൗമുദി ആഴ്ചപ്പതിപ്പ്

CHANGE OF NAME & ADDRESS
I, SADANANDAN SURESH, Son of Sadanandan, Vilayil Veedu, Varkala P.O, holder of Passport No. S 691415, hereby change name & address as SADANANDAN SURESH BABU, Asamsa, Near Nurses Hostel, Puthanchantha, Varkala P.O.

നഷ്ടപ്പെട്ടു
J 2308819 എന്ന നമ്പരിലുള്ള പാസ്പോർട്ട് യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് പാസ്പോർട്ടിന് അപേക്ഷിക്കുന്നതിന് പരാതിയുള്ളവർ 15 ദിവസത്തിനകം തിരുവനന്തപുരം പാസ്പോർട്ട് ആഫീസിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്. എന്ന്,
കെ.ജി. ചന്ദ്രദത്തൻ,
ശിവപ്രിയ, ഭജനമഠം, നിലയ്ക്കാമുക്ക്,
പെരുംകുളം P.O, ആറ്റിങ്ങൽ,
തിരുവനന്തപുരം. Pin: 695102

കേരളകൗമുദി ബാലകൗമുദി
കുട്ടികളുടെ വാരിക

നോട്ടീസ്
മാർച്ച് 1997 വർഷത്തെ 337174 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
നോവൽ പെരേര. ജെ,
AVM ഹൗസ്, മുടിയക്കോട്, ചെറുന്നിയൂർ.

നഷ്ടപ്പെട്ടു
എന്റെ R. 5980037-ാം നമ്പർ ഇന്ത്യൻ പാസ്പോർട്ടും ഭാര്യ നോവൽ ജോണിയുടെ M 7073800 നമ്പർ ഇന്ത്യൻ പാസ്പോർട്ടും മകൻ ബെല്ലാർമിൻ ജോണിയുടെ P 6561205 നമ്പർ ഇന്ത്യൻ പാസ്പോർട്ടും ട്രെയിൻ യാത്രയ്ക്കിടയിൽ കോട്ടയത്തുവച്ച് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ അറിയിക്കണമെന്ന് അപേക്ഷ.
ജോണി ഫ്രാൻസിസ്,
AVM ഹൗസ്, മുടിയക്കോട്,
ചെറുന്നിയൂർ പി.ഒ,
Mobile : 7592866893.